(ബി&സി) കോടതി വിധി നിലവിലില്ല. എന്നാൽ ബഹു.ഹൈക്കോടതി ഒ.പി.നം.24925/2002-ലെ വിധിന്യായത്തിൽ ജില്ലാതല ഓഫീസർ തസ്തികയിലേക്ക് കെ.എസ്. ആന്റ് എസ്.എസ്.ആർ.ലെ റൂൾ 9 (ഡി) പ്രകാരമുള്ള നിയമനം നിഷേധിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി&ഇ) മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിർദ്ദേശിച്ചപ്രകാരം സർക്കാർ ഹർജിക്കാരനായ ശ്രീ. ചന്ദ്രശേഖരന്റെ നിവേദനം വിശദമായി പരിശോധിക്കുകയും ജില്ലാ ഓഫീസർ തസ്തികയിലേക്ക് റൂൾ 9 (ഡി) പ്രകാരം നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുകയും, ഹർജിക്കാരന് അതനുസരിച്ച് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

140 (3757) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഏറ്റവും ചെറിയ വകുപ്പ് ഏതാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏറ്റവും കുറവ് ജീവനക്കാരുള്ള വകുപ്പ് ഏതാണ് ;

(സി) പതിനഞ്ചിൽ താഴെ ജീവനക്കാരുള്ള എത്ര വകുപ്പുകളുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) സമാന സ്വഭാവമുള്ള ചെറിയ വകുപ്പുകളെ സംയോജിപ്പിച്ച് ഒറ്റ വകുപ്പാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത എത്ര വകുപ്പുകളുണ്ടെന്നും, അവ ഏതെല്ലാമെന്നും അറിയിക്കാമോ ;

(എഫ്) സർക്കാർ ജീവനക്കാരുടെ സമാന തസ്തികകളിലേയ്ക്കുള്ള അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) അന്തർവകുപ്പ് സ്ഥലം മാറ്റങ്ങളിൽ ചെറിയ വകുപ്പുകളിലും സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്ത വകുപ്പുകളിലും ജോലി ചെയ്യുന്നവർക്ക് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുബന്ധമായി വയ്ക്കുന്നു.*

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ള സബ്ഇൻസ്പെക്ടർ തസ്തികകൾ

141 (3770) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ആകെ സബ്ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) അവശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ആലപ്പുഴജില്ലയിലെ എസ്.ഐ., എ.എസ്.ഐ.മാരുടെ ഒഴിവുകളുടെ എണ്ണം

142 (3771) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എസ്.ഐ. എ.എസ്.ഐ. മാരുടെ എത്ര ഒഴിവുകൾ വീതമാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ പ്രമോഷനിലൂടെ നികത്തേണ്ടവ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇടുക്കി, എറണാകുളം ജില്ലകളിൽ ഹെഡ്കോൺസ്റ്റബിൾമാരെ എ.എസ്.ഐ. ആയി പ്രമോഷൻ നൽകിയിട്ടും ആലപ്പുഴജില്ലയിൽ ഉള്ളവർക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പ്രമോഷൻ എപ്പോൾ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.ഐ. മാരുടെ ഒഴിവുകൾ - 10

എ.എസ്.ഐ. മാരുടെ ഒഴിവുകൾ -11

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly